# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2496 01.04.2013-ൽ മറുപടിക്ക്**

## മൂവാറ്റുപുഴയാറിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴയാർ സ്രോതസ്സായിട്ടുള്ള എത്ര കുടിവെള്ള പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മൂവാറ്റുപുഴയാർ സ്രോതസ്സായിട്ടുള്ള 17 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതികൾക്കായി വേണ്ടിവരുന്ന വെള്ളത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 157.5 mld വെള്ളം ആവശ്യമുണ്ട്. |
| (സി) | നിലവിലുള്ള പദ്ധതികൾക്ക് ആവശ്യമായ വെള്ളത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട് എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഓരോ പദ്ധതിയുടെയും ആസൂത്രണ ഘട്ടത്തിൽ ജലലഭ്യതയെക്കുറിച്ചുള്ള പഠനം നടത്താറുണ്ട്. |
| (ഡി) | പ്രസ്തുത പഠനങ്ങൾക്കനുസൃതമായ ജലലഭ്യത മൂവാറ്റുപുഴയാറിൽ ഉണ്ടായിട്ടുണ്ടോ ; | (ഡി) | ഉണ്ടായിരുന്നു. എന്നാൽ സമീപ-കാലത്ത് വേനൽക്കാലങ്ങളിൽ വെള്ളത്തിന്റെ ലഭ്യതയിൽ നേരിയ കുറവ് ഇടവിട്ട് അനുഭവപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | മൂവാറ്റുപുഴയാറിൽ പുതുതായി ഏതെങ്കിലും കുടിവെള്ള പദ്ധതികളോ ജലസേചന പദ്ധതികളോ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഇ) | കൊച്ചിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ജെ.എൻ.എൻ.യു ആർ.എം. പദ്ധതി, വാളകം ശുദ്ധജല വിതരണ പദ്ധതി - പുനരുദ്ധാരണം എന്നിവ നടപ്പാക്കി വരുന്നു. മൂവാറ്റുപുഴ ആറിൽ രണ്ട് ചെക്ക് ഡാം നിർമ്മാണം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ